**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **07-10-2021 - ൽ മറുപടിയ്ക്ക്**

**ചേയ്ഞ്ച് ഓഫ് എയർ ടൂറിസം പ്രമോഷൻ ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചേയ്ഞ്ച് ഓഫ് എയർ എന്ന പോസ്റ്റ് കോവിഡ് ടൂറിസം പ്രമോഷൻ ക്യാമ്പയിനിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഓരോ ഇനത്തിലും ചെലവായ തുക ഉൾപ്പെടെ വിശദാംശങ്ങൾ നൽകുമോ? | (എ) | കോവിഡാനന്തരം ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ പ്രൊമോഷൻ ക്യാമ്പയിനുകൾ നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി കേരളം സന്ദർശകർക്ക് സുരക്ഷിത കേന്ദ്രം ആണെന്ന സന്ദേശം നൽകുന്ന രീതിയിൽ 'ചെയ്ഞ്ച് ഓഫ് എയർ' എന്ന തീമിൽ ക്യാമ്പയിൻ നടത്തിയിരുന്നു. അതിന്റെ ഭാഗമായി ഇന്ത്യയിലെ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും കൂടാതെ മേൽപ്പറഞ്ഞ മാധ്യമങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും ഈ ക്യാമ്പയിൻ നടത്തുകയുണ്ടായി. കൂടാതെ, സമൂഹമാധ്യമങ്ങളായ ഫേസ്.ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, യൂ ട്യൂബ് എന്നിവയിലൂടെയും ഈ ക്യാമ്പയിൻ നടത്തി വരുന്നു. ഇതിനായി ചിലവാക്കിയ തുക തരം തിരിച്ച് താഴെ കാണിച്ചിരിക്കുന്നു. ദൃശ്യമാധ്യമങ്ങൾ - 6,16,12,814/- ഒ.റ്റി.റ്റി. പ്ലാറ്റ്ഫോം - 29,50,000/- പത്രമാധ്യമങ്ങൾ - 1,90,17,401/- സമൂഹ മാധ്യമങ്ങൾ - 2,35,97,257/- ഡിജിറ്റൽ മീഡിയ - 1,17,99,995/- ശ്രവ്യ മാധ്യമങ്ങൾ - 49,55,548/- |

സെക്ഷൻ ഓഫീസർ